പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5771 27.10.2011- ലെ മറുപടിക്ക്

വിദേശത്ത് അപകടമരണം സംഭവിക്കുന്നവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ.അഹമ്മദ് കബീർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശത്ത് വെച്ച് അപകടമരണം സംഭവിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്തെന്നും എന്ത് തുകയാണ് ധനസഹായമായി നൽകുന്നത് എന്നും വ്യക്തമാക്കുമോ; | (ബി) 1. **സാന്ത്വന**<br><br>ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് |

വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 10,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. ഇതു ലഭിക്കുന്നതിനായി പ്രവാസി നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.

2. **കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് നിയമാനുസൃതമായി സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത് നിന്ന് കൊണ്ടുവരുന്നതിനു പരമാവധി 50,000/- രൂപയും ഇന്ത്യയ്ക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്നതിന് പരമാവധി 10,000/- രൂപയുമാണ് അനുവദിക്കുന്നത്.

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്. പരമാവധി 25,000/- രൂപയാണ്

ധനസഹായം അനുവദിക്കുന്നത്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയനായ(വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയമായ(വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ(ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത ആംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. നോർക്ക - റൂട്ട്സിൽ നിന്ന് നൽകുന്ന പ്രവാസി ഐഡൻഡിറ്റി കാർഡിനോടൊപ്പം ഇൻഷ്വറൻസ് നൽകുന്നുണ്ട്. അപകടമരണത്തിനു രണ്ട് ലക്ഷം രൂപയാണ് ഇൻഷ്വറൻസ് കവറേജ്.

(സി) തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

(സി) ചെയർമാൻ ഫണ്ടിൽ നിന്നുള്ള ധനസഹായം നോർക്ക - റൂട്ട്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. "സാന്ത്വന" പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നകാര്യം ആലോചനയിലാണ്.

സെക്ഷൻ ഓഫീസർ